"ഭരണഭാഷ - മാതൃഭാഷ"

# കേരള ഡെന്റൽ കൗൺസിൽ

www.dentalcouncil.kerala.gov.in registrar.kdc@kerala.gov.in

നം.അഡ്മിൻ./13789/25/കെ.ഡി.സി. 29/04/2026

## അറിയിപ്പ്

കേരള ഡെന്റൽ കൗൺസിലിൽ സൂക്ഷിക്കുന്ന ഡെന്റിസ്റ്റുമാരുടെ രജിസ്റ്ററിൽ നിന്നും തന്റെ പേര് നീക്കം ചെയ്തുകൊണ്ടുള്ള കേരള ഡെന്റൽ കൗൺസിൽ ഉത്തരവ് റദ്ദാക്കണം എന്നാവശ്യപ്പെട്ട് ഡോ. മുഹമ്മദ് മസ്‌വിൻ നിഹാൽ (രജി. നം. 29705) 1948-ലെ ഡെൻറിസ്റ്റ്സ് ആക്ട് സെക്ഷൻ 41 (4) പ്രകാരം സർക്കാരിന് സമർപ്പിച്ച അപ്പീൽ പ്രകാരമുള്ള ടിയാന്റെ ആവശ്യം നിരസിച്ചുകൊണ്ടും, അപ്പീൽ തീർപ്പാക്കിക്കൊണ്ടും, ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ച WP(C)No.4682/2026 നമ്പർ ഹർജിയിന്മേലുള്ള 12.02.2026-ലെ വിധിന്യായം അപ്രകാരം നടപ്പാക്കികൊണ്ടും 27.04.2026-ന് G.O.(Rt.)No.1549/2026/H&FWD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

പ്രസിഡന്റ്
ഡോ. സന്തോഷ് തോമസ്

രജിസ്ട്രാർ
ശ്രീകല ടി ആർ

ടി.സി 27/741(3), അമ്പലത്തുമുക്ക്, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം, കേരള - 695 035
ഫോൺ : 0471-2478759

“ഭരണഭാഷ - മാതൃഭാഷ”

# കേരള ഡെന്റൽ കൗൺസിൽ

www.dentalcouncil.kerala.gov.in registrar.kdc@kerala.gov.in

## അറിയിപ്പ്

1948-ലെ ഡെന്റിസ്റ്റ്സ് ആക്ടിന്റെ 41-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ii)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾക്കും, 2014-ലെ ഡെന്റിസ്റ്റ്സ് (കോഡ് ഓഫ് എത്തിക്സ്) റെഗുലേഷന്റെ 8-ാം റഗുലേഷനിലെ വ്യവസ്ഥകൾക്കും അനുസൃതമായി കേരള ഡെന്റൽ കൗൺസിലിൽ സൂക്ഷിക്കുന്ന ഡെന്റിസ്റ്റുമാരുടെ രജിസ്റ്ററിൽ, പാർട്ട് - എ 29705 എന്ന രജിസ്റ്റർ നമ്പർ ആയി 09/03/2022-ൽ രജിസ്ട്രേഷൻ നേടിയിട്ടുള്ള ഡോ. മുഹമ്മദ് മസ്‌വിൻ നിഹാലിന്റെ പേര് ആറു മാസ കാലയളവിലേക്ക് രജിസ്റ്ററിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. അപ്രകാരം ടിയാനെ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ്, ആയതു പുറപ്പെടുവിച്ച തീയതി മുതൽ മൂന്നുമാസത്തിന് ശേഷം പ്രാബല്യത്തിൽ വരുന്നതാണ്.

തിരുവനന്തപുരം
10/02/2026

Sreekala
രജിസ്ട്രാർ
കേരള ഡെന്റൽ കൗൺസിൽ

KERALA DENTAL COUNCIL
...mbalathumukku, Vanchiyoor
Thiru...nanthapuram
...035
KERALA, INDIA

SREEK... A T.R.
Kerala ... ncil
Ambalathumuk... anchiyoor
Thiruvanaathapuram -695 035